**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല**

**പ്രവചന കാലയളവ് 24 .8.2022 മുതൽ 28.8.2022 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 34/2022,(67) ചൊവ്വാഴ്ച | തീയ്യതി 23/8/2022 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 24.08.2022 | 25.08.2022 | 26.08.2022 | 27.08.2022 | 28.08.2022 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 19 | 12 | 6 | 7 | 6 |
| ഉയർന്ന താപനില (°C) | 30 | 30 | 30 | 30 | 30 |
| കുറഞ്ഞ താപനില (°C) | 24 | 26 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 80 | 80 | 80 | 80 | 80 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 6 | 6 | 6 | 6 | 6 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 340 | 340 | 320 | 340 | 340 |
| മേഘ വ്യാപ്തി (ഒക്ടാ ) | 8 | 8 | 8 | 8 | 8 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ നേരിയ തോതിൽ മഴക്കും ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴക്കും സാധ്യത. കേരളത്തിൽ ശരാശരി മഴ ലഭിക്കാൻ സാധ്യത .

**അടുത്ത് അഞ്ച് ദിവസത്തേക്കുള്ള മഴയുടെ പ്രവചനം**

| 2022 ആഗസ്റ്റ് 24 | 2022 ആഗസ്റ്റ് 25 | 2022 ആഗസ്റ്റ് 26 | 2022 ആഗസ്റ്റ് 27 | 2022 ആഗസ്റ്റ് 28 |
|---|---|---|---|---|
| മിതമായ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ | നേരിയ മഴ |

**3. വിള പരിപാലനത്തിനുള്ള പൊതുനിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതു നിർദേശങ്ങൾ: നെല്പാടങ്ങളിലും കൃഷിയിടങ്ങളിലും നീർവാർച്ചസൗകര്യങ്ങൾ ഉറപ്പാക്കുക ആവശ്യമെങ്കിൽ മാത്രം മഴയില്ലാത്ത സമയത്ത് കീടനാശിനികൾ പശ ചേർത്ത് തളിക്കാവുന്നതാണ്

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക/ മൃഗസംരക്ഷണ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (പൊക്കാളി) | ബാക്ടീരിയൽ വാട്ടം | പ്രതിരോധ മാർഗമെന്നോണം 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| | നെല്ലി കോഴി | നെല്ലിക്കോഴിയുടെ ആക്രമണം ചെറുക്കുന്നതിനുള്ള മാർഗങ്ങൾ അവലംബിക്കേണ്ടതാണ്. വലകൾ, റിഫ്ലക്റ്റീവ് റിബണുകൾ എന്നിവ ഉപയോഗിച്ചും നെൽച്ചെടിയുടെ മുകളിലായി കയറുകൾ നിശ്ചിത അകലത്തിൽ സമാന്തരമായി കെട്ടുന്നതും നീലക്കോഴികളെ ഒരു പരിധി വരെ അകറ്റി നിർത്താൻ സഹായിക്കുന്നു. |
| നെല്ല് (വിരിപ്പ്) പൂക്കുന്ന സമയം | നെല്ലിലെ കറവൽ | ഒരു ലിറ്റർ വെള്ളത്തിൽ 0.4 ഗ്രാം നേറ്റിവോയും 10 ഗ്രാം 13:0:45 ഉം (പൊട്ടാസിയം നൈട്രേറ്റ്) ലയിപ്പിച്ച് തളിക്കുക. |
| അമരപ്പയർ, ചതുരപ്പയർ | പരിപാലനം | അമരപ്പയർ, ചതുരപ്പയർ എന്നിവയുടെ നടീൽ സമയമാണ്. ഇവ ദിന ദൈർഘ്യം കുറഞ്ഞ നവംബർ മുതൽ ഫെബ്രുവരി വരെയുള്ള സമയത്താണ് പൂക്കുകയും കായ്ക്കുകയും ചെയ്യുന്നത്. നിലമൊരുക്കലും നടീലും ആരംഭിക്കാവുന്നതാണ്. |
| ഇഞ്ചി | തണ്ടുതുരപ്പൻ പുഴ | ബിവേറിയ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിന് എന്ന തോതിൽ തളിക്കാവുന്നതാണ്. |

മത്സ്യകൃഷിപരിപാലനം - മത്സ്യക്കുളങ്ങളിലെ വെള്ളത്തിൻറെ ഗുണനിലവാര പരിശോധനയ്ക്കുള്ള സൗകര്യം വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിൽ ലഭ്യമാണ്.